# 105. മോട്ടോർസൈക്കിൾ

ഇപ്പോഠം ഈ ലോകത്തിൽ ജീവിച്ചിരിപ്പില്ലാത്ത, സുപ്രസിദ്ധനായിരുന്ന, ഒരു ഡോക്ടറെപ്പററി അദ്ദേഹത്തിൻെറ ഒരു സഹപ്രവർത്തകൻ പറഞ്ഞ ഒരു കഥ ഓർമവരുന്നു. അന്നു് ഡോക്ടർക്കു് ചെറുപ്പമായിരുന്നു. മെഡിക്കൽകോളേജിലെ പ്രൊഫസ്സർ എന്ന നിലയിൽ സമൂഹത്തിൽ അദ്ദേഹം അത്യന്തം ആദരിക്കപ്പെട്ടിരുന്നു. പണത്തിനു ക്ഷാമമുണ്ടായിരുന്നില്ല. ദുർലഭങ്ങളായ ഈ സൗഭാഗ്യങ്ങളെല്ലാം ഒത്തുകൂടിയതിൻെറ ഫലമാവാം, ഡോക്ടർ മയക്കമരുന്നുകളുടെ അടിമയായിത്തീർന്നു.

ഒരു രാത്രിയിൽ ധാരാളം മയക്കമരുന്നുകഠം ഇൻജെക്റ്റ് ചെയ്തു് രക്തത്തിൽ അലിയിച്ചശേഷം അദ്ദേഹം ആ ആനന്ദലഹരി പൂർണമായി ആസ്വദിക്കുവാൻ തൻെറ മോട്ടോർസൈക്കിളിൽ കയറി. തുണയ്ക്കു് ഒരു കൂട്ടുകാരനും ഉണ്ടായിരുന്നു പിൻസീററിൽ. പ്രധാന റോഡിലെത്തിയതോടെ ഡോക്ടറുടെ വേഗബോധം നഷ്ടപ്പെട്ടു. മോട്ടോർസൈക്കിഠം പറന്നുതുടങ്ങി.

മുൻവശത്തുനിന്നു നല്ല പ്രകാശമുള്ള രണ്ടു വിളക്കുകഠം തനിക്കെതിരെ വരുന്നതു് ഡോക്ടർ കണ്ടു. ഓഹോ, ഇതാണല്ലേ? ചങ്ങാതിമാർ രണ്ടു മോട്ടോർസൈക്കിളുകളിൽ കയറി, പരസ്പരം സല്ലപിച്ചുകൊണ്ടു്, റോഡിൻെറ രണ്ടു സൈഡുകളിൽക്കൂടി ഉല്ലാസയാത്ര നടത്തുകയാണു്! കൊള്ളാം! റോഡു് തങ്ങളുടെ പൈതൃകമാണെന്നാണു് വിചാരം! ഇവന്മാരെ അങ്ങനെ വിട്ടുകൂടാ. കുറച്ചുനേരത്തേക്കെങ്കിലും ഈ സല്ലാപക്കാരെ പരസ്പരം അകററണം.

അങ്ങനെ ഡോക്ടർ, എതിർവശത്തുനിന്നുവരുന്ന വിളക്കുകളുടെ ഒത്ത നടുവിലൂടെ സ്വന്തം മോട്ടോർസൈക്കിഠം വിട്ടു. ആ വിളക്കുകഠം ഘടിപ്പിച്ചിരുന്നതു് പക്ഷേ, രണ്ടു മോട്ടോർസൈക്കിളുകളിൽ ആയിരുന്നില്ല; ഒരു ലോറിയുടെ രണ്ടു വശങ്ങളിലായിരുന്നു. ഫലം: ഡോക്ടറും ചങ്ങാതിയും വളരെ ദിവസങ്ങഠം കഴിഞ്ഞു് കണ്ണു തുറന്നപ്പോഠം കണ്ടതു് തങ്ങഠം ആസ്പത്രിയിലെ പേവാർഡിൽ കിടക്കുന്നതാണു്.

ആസ്പത്രിയിൽ കണ്ണു തുറക്കാൻ കഴിയുന്ന മോട്ടോർസൈക്കിഠം സവാരിക്കാർ ഭാഗ്യവാന്മാരത്രെ. പലരും കണ്ണു തുറക്കാതെതന്നെ നേരിട്ടു ശ്മശാനത്തിലേക്കു പോവുകയാണു പതിവു്.

ഇന്ത്യയിൽ മോട്ടോർസൈക്കിളുകളുടെ എണ്ണം താരതമ്യേന കുറവാണു്. ഈ എണ്ണക്കുറവിനു കാരണം ദാരിദ്ര്യംതന്നെ. സമ്പന്നരാജ്യങ്ങളിൽ യുവജനങ്ങളുടെ 'ഹര'മാണു് മോട്ടോർസൈക്കിഠം. (സ്കൂട്ടർ, മോപെഡു്, ടൂവീലർ മുതലായ പല പേരിലറിയപ്പെടുന്ന യന്ത്രവൽകൃതങ്ങളായ ദ്വിചക്രവാഹനങ്ങളെ മുഴുവൻ ഉഠംപ്പെടുത്തിയാണു് ഇവിടെ 'മോട്ടോർസൈക്കിഠം' എന്നു പറയുന്നതു്.)

അന്തസ്സിൻെറ ചിഹ്നം (സ്റ്റാററസ് സിംബഠം) ആണു് പലർക്കും മോട്ടോർസൈക്കിഠം. പാശ്ചാത്യരാജ്യങ്ങളിൽ മോട്ടോർസൈക്കിഠം ഉടമകഠംക്കു മാത്രം അംഗത്വം നൽകുന്ന ക്ലബ്ബുകളുണ്ടു്. മോട്ടോർസൈക്കിഠം മാസികകളുണ്ടു്. മോട്ടോർസൈക്കിഠം യാത്രക്കാർക്കു മാത്രമായ വേഷവിധാനങ്ങളും ഫാഷനുകളും ഉണ്ടു്.

പശ്ചിമജർമനിയിൽ ആയിരം ജനങ്ങഠംക്കു് പതിനൊന്നു മോട്ടോർ സൈക്കിഠം വീതം ഉണ്ടത്രേ.

മുമ്പൊക്കെ മോട്ടോർസൈക്കിൾ ഒരു യാത്രോപകരണമായിരുന്നു. ഇന്നതു് മിക്കവാറും ഒരു ഉല്ലാസോപകരണമാണ്.

മോട്ടോർസൈക്കിൾ സവാരിക്കാരിൽ ഭൂരിഭാഗവും കൗമാരപ്രായക്കാരോ, നവയുവാക്കളോ ആണ്. മോട്ടോർസൈക്കിൾ അപകടത്തിൽപ്പെട്ടു് ആസ്പത്രികളിലെത്തുന്നവർ കൂടുതലും പതിനഞ്ചുമുതൽ ഇരുപത്തഞ്ചുവരെ വയസ്സുള്ളവരത്രേ. ജർമനിയിൽ നടന്ന ഒരു പഠനത്തിൽ വെളിവായതു് മോട്ടോർസൈക്കിൾസ്സവാരിക്കാരിൽ പകുതിയിലേറെ പേർ തൊഴിലാളികുടുംബങ്ങളിൽനിന്നു വരുന്നവരാണെന്നാണ്. സാമൂഹ്യമായ അംഗീകാരം നേടാനും ചോരത്തിളപ്പിന് അല്പമൊരു ഉപശാന്തി കണ്ടെത്താനുമാണ് ഇവർ ഈ ഇരുചക്രവാഹനങ്ങളിൽ കയറി ലക്കും ലഗാനുമില്ലാതെ പാഞ്ഞുപോകുന്നതു്.

അവരുടെ പ്രായം പരിഗണിക്കുമ്പോൾ, മോട്ടോർസൈക്കിൾസ്സവാരിക്കാർ ലോകപരിചയമില്ലാത്തവരും അനുഭവം കുറഞ്ഞവരും ധൃതഗതിക്കാരും നിരാശാഭരിതരും തെറ്റുകൾ പ്രവർത്തിക്കാൻ മടിയില്ലാത്തവരും ഒക്കെയായിരിക്കുമെന്നു് എളുപ്പത്തിൽ ഊഹിക്കാവുന്നതേയുള്ളു. അവർക്കു് മോട്ടോർസൈക്കിൾസ്സവാരി ഒരു സാഹസമാണ്. നിത്യജീവിതക്ലേശങ്ങളിൽനിന്നുള്ള ഒരു ഒളിച്ചോട്ടമാണ്; ഉയർന്ന സാമൂഹ്യസമ്പർക്കങ്ങൾ സ്ഥാപിക്കാനുള്ള ഒരു ഉപാധിയാണ്; പെൺകുട്ടികളെ ആകർഷിക്കാനും അവരുടെ ആദരം നേടാനുമുള്ള ഒരു ലളിതമാർഗം കൂടിയാണ്.

ഇക്കാരണത്താൽത്തന്നെ, റോഡ് ഉപയോഗിക്കുന്നവരിൽ ഏററവും അധികം അപകടകാരികൾ മോട്ടോർസൈക്കിൾസ്സവാരിക്കാരാണ്. റോഡിലൂടെ സഞ്ചരിക്കുന്നതിനു് മററു് ആളുകൾക്കും അധികാരമുണ്ടെന്നു് അംഗീകരിക്കാൻ ഇവർ തയ്യാറല്ല. ട്രാഫിക് നിയമങ്ങൾ ഇവർക്കു ബാധകമല്ല. സവാരിക്കാരന്റെ സ്വരക്ഷയ്ക്കുവേണ്ടി ആവിഷ്കരിച്ച ചട്ടങ്ങൾപോലും ഇവർ അനുസരിക്കുകയില്ല. ഹെൽമെററ് ധരിക്കുക അപമാനമായി ഇവരിൽ പലരും കരുതുന്നു. വണ്ടി നിലംതൊടാതെ പറക്കുമെങ്കിൽ, അതിനെ നിലംതൊടാതെ പറപ്പിക്കുന്നതാണ് ഇവരുടെ ജന്മസാഫല്യം. യുക്തിവാദത്തിനൊന്നും ഇവർ വഴങ്ങിക്കൊടുക്കുകയില്ല.

ജർമനിയിൽ ഫ്രാങ്ക്ഫർട്ട് നഗരത്തിലെ ഒരാസ്പത്രിയിൽ കഴിഞ്ഞ നാലു കൊല്ലത്തിൽ 363 മോട്ടോർസൈക്കിൾ അപകടക്കാരെ പ്രവേശിപ്പിക്കുകയുണ്ടായി. ഇവരിൽ 172 പേർക്കും ശാശ്വതമായ അംഗവൈകല്യം നേരിട്ടു. ഇരുപത്തെട്ടു പേർക്കു് ജീവാവസാനംവരെ ചക്രക്കസേരയിൽ ഇരിക്കേണ്ട യോഗം വന്നു. എട്ടു പേർക്കു് രണ്ടു കാലും രണ്ടു കൈയും തളർന്നു; അവരെ ശുശ്രൂഷിക്കാൻ മററു് ആളുകൾ വേണമെന്ന നില വന്നു. കാലൊടിഞ്ഞവരായിരുന്നു ആസ്പത്രിയിൽ പ്രവേശിച്ചവരിൽ അധികമാളുകളും.

മോട്ടോർസൈക്കിളിന്റെ വലിപ്പം കൂടുന്തോറും അപകടത്തിന്റെ ഉഗ്രതയും ഏറുവാനാണ് സാദ്ധ്യത. അപകടത്തിൽപ്പെട്ടവർ ആറു മാസം മുതൽ മൂന്നു വർഷംവരെ ആസ്പത്രിയിൽ കഴിച്ചുകൂട്ടേണ്ടിവരുന്നു. ഇതിന്റെ ചെലവു് ഓരോ രാജ്യത്തും ഓരോ വിധത്തിലാണ്. ഇന്ത്യയിൽ ചെലവു് താരതമ്യേന കുറയും. എന്നാലും മിക്കവരുടെയും കുടുംബം പാപ്പരാവാൻ ഒരു മോട്ടോർസൈക്കിളപകടം മതിയാവും.

അധിക സ്പീഡും മദ്യപാനവുമാണ് മോട്ടോർസൈക്കിൾ അപകടങ്ങളുടെ മുഖ്യ കാരണങ്ങൾ. മോട്ടോർ വാഹനവും മോട്ടോർസൈക്കിളും കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങളിൽ കേടു പററുക എപ്പോഴും മോട്ടോർസൈക്കിൾസ്സവാരിക്കാരനാണ്. ഗ്രാമപാതകളിൽ പൂച്ചയോ, നായയോ കുറുക്കെ ചാടുന്നതുമൂലം മോട്ടോർസൈക്കിൾ അപകടങ്ങളുണ്ടാ

വാറുണ്ട്. അപകടത്തിന്റെ കാരണം എന്തായിരുന്നുവെന്നു പറയാൻ പോലും പല സവാരിക്കാർക്കും കഴിയാറില്ല.

എന്നിട്ടെന്താണ്? അപകടസാദ്ധ്യതയെപ്പററി മോട്ടോർസൈക്കിൾ സവാരിക്കാർക്ക് പൊതുവെ യാതൊരു ബോധവുമില്ല.' ഒരു കാർ ഓടിക്കുന്നതിനു വേണ്ടതിനേക്കാൾ കൂടുതൽ ശിക്ഷണം ഒരു മോട്ടോർസൈക്കിൾ ഓടിക്കാൻ വേണമെന്ന സത്യം അവർ അംഗീകരിക്കുകയില്ല. അപകടം പററിയാലും അവരുടെ ശുഭപ്രതീക്ഷാശീലം നശിക്കുന്നില്ല.

മുമ്പു പറഞ്ഞ ഫ്രാങ്ക്ഫർട്ട് ആസ്പത്രിയിലെ ഡോക്ടർ ബോർണർ തന്റെ ഒരനുഭവം വിവരിച്ചിട്ടുണ്ട്. മോട്ടോർസൈക്കിളപകടത്തിൽപ്പെട്ട തലച്ചോറിൽ രക്തം നിറഞ്ഞ ഒരാളെ ശസ്ത്രക്രിയയ്ക്ക് ആസ്പത്രിയിൽ കൊണ്ടുവന്നു.

അയാളുടെ തലയോട്ട് പകുതി വെട്ടിപ്പൊളിച്ച് തലച്ചോറിൽ വാർന്ന ചോര ഞങ്ങൾ പുറത്തെടുത്തു കളഞ്ഞു. പിന്നീട് ഞങ്ങൾ തലയോട്ട് അതിന്റെ സ്ഥാനത്തുറപ്പിച്ചു. അയാൾ ഇപ്പോഴും മോട്ടോർ സൈക്കിളിലാണ് സഞ്ചരിക്കുന്നതു്.

അപകടത്തിനുശേഷവും ഹെൽമററ് ധരിക്കാൻ കൂട്ടാക്കാത്ത ഇയാൾ കൂടുതൽ വലിയ ഒരു മോട്ടോർസൈക്കിൾ വാങ്ങിയിരിക്കയാണത്രെ. മണിക്കൂറിൽ 125 മൈൽ വേഗമുണ്ട് ഈ പുതിയ മോട്ടോർസൈക്കിളിനു്. സ്റ്റാർട്ട്ചെയ്തു നാലു സെക്കൻഡിനകം ഇത്രയും സ്പീഡ് അതിനു കൈവരും.

മോട്ടോർസൈക്കിളപകടത്തിൽപ്പെട്ട് ആസ്പത്രികളിലെത്തുന്ന പലരും രോഗക്കിടക്കയിൽ കിടന്നുകൊണ്ടുതന്നെ തകർന്ന പഴയ വാഹനങ്ങൾക്കു പകരം പുതിയ മെച്ചപ്പെട്ട മോട്ടോർസൈക്കിളുകൾക്ക് ഓർഡർ കൊടുക്കുന്നു. ആസ്പത്രിക്കട്ടിലുകളിൽക്കിടന്ന് രോഗികൾ തങ്ങളുടെ വാഹനങ്ങൾ പരസ്പരം കൈമാറുകയും പതിവുണ്ടത്രേ.

മോട്ടോർ ഘടിപ്പിച്ച് ദ്വിചക്രവാഹനങ്ങൾ ഓടിക്കാൻ തുടങ്ങിയിട്ട് നൂററിപ്പതിനഞ്ചു വർഷങ്ങളായി. ഈ വാഹനത്തിന്റെ അദമ്യമായ ആകർഷണത്തിന് മനുഷ്യൻ പ്രത്യേകിച്ചും യുവാവ് ഇന്നും വിധേയനാണ്.

എന്തുകൊണ്ട് മോട്ടോർസൈക്കിൾ ഒരു യുവതിയെപ്പോലെയാണ്?

ഒന്നാമതു്, അവളെ മെരുക്കിയെടുക്കുകയാണ് തന്റെ ജന്മസാഫല്യമെന്ന് ഓരോ യുവാവും കരുതുന്നു. രണ്ടാമതു്, അവളെ തികച്ചും മനസ്സിലാക്കാൻ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല; ഇനിയൊട്ട് കഴിയുകയുമില്ല!

(2 ജൂൺ, 1983)

# 106. ബാൾ പോയിന്റ്

ഒരു 'റീഫിൽ' നിറച്ച പേന ഉപയോഗിച്ചാണ ഞാൻ ഇതെഴുതുന്നതു്. ഒന്നിന്റെ ഉള്ളിൽ മറെറാന്നു കടത്തി തിരിച്ചു മുറുക്കാവുന്ന രണ്ടു കുഴൽക്കഷണങ്ങൾ ആണ് 'പേന'. പേനയ്ക്കകത്തു് ഒരു ചെറിയ സ്പ്രിങ് കൊണ്ടു് 'റീഫിൽ' ഉറപ്പിച്ചുവച്ചിരിക്കുന്നു. 'വീണ്ടും നിറയ്ക്കാവുന്നതു്' എന്നേ 'റീഫിൽ', എന്ന വാക്കിനു് അർത്ഥമുള്ളൂ. പേനയിലെ